1. സിവിൽ & ഇലക്ട്രിക്കൽ - 48,84,099

2. ലിഫ്റ്റ് - 20,00,000

(സി) (i) ഫാക്സ് മെഷീൻ - 1 എണ്ണം

ലാപ് ടോപ്പ് - 10 എണ്ണം

എന്നീ സൗകര്യങ്ങൾ താൽക്കാലികമായി ലഭ്യമാക്കിയിരുന്നു.

(ii) മീഡിയ സെന്ററിൽ സ്ഥാപിച്ചിരുന്ന ഓവർലെയ്സിന്റെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(ഡി) പ്രധാന അടിസ്ഥാന സൗകര്യങ്ങൾ കായിക വകുപ്പ്, സർക്കാരിന്റെ മറ്റ് കായിക പ്രൊമോഷണൽ ഏജൻസികൾ എന്നിവയ്ക്ക് മാസത്തിൽ പരമാവധി 5 ദിവസം ഉപയോഗിക്കുന്നതിന് (ഇലക്ട്രിസിറ്റി/വാട്ടർ ചാർജ്ജ് ഒഴികെ) ആണ് ധാരണയായിട്ടുള്ളത്.

(ഇ&ഫ്) പ്രധാന സൗകര്യങ്ങൾ പൂർത്തിയാക്കി 2015 ജനുവരി 30 മുതൽ മീഡിയ സെന്റർ പ്രവർത്തനം ആരംഭിച്ചു.

ദേശീയ ഗെയിംസ് വേദികൾ

277 (283) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നടന്ന ദേശീയ ഗെയിംസിന്റെ വേദിയല്ലാത്ത ഏതെല്ലാം സ്റ്റേഡിയങ്ങളും കായികവേദികളും ഗെയിംസിനായി അനുവദിക്കപ്പെട്ടതോ വകയിരുത്തിയതോ ആയ പണം ഉപയോഗിച്ചു നവീകരിക്കുയുണ്ടായി;

(ബി) ഓരോ നവീകരണ പ്രവൃത്തികൾക്കും എത്ര തുക ചെലവായി ;

(സി) ഗെയിംസ് വേദികളല്ലാത്ത ഇടങ്ങളിൽ പ്രസ്തുത നവീകരണ പ്രവർത്തികൾ നടത്തിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 19-6-2010-ലെ സ.ഉ. (സാധാ) നമ്പർ 2673/10/പൊ.വി.വ. പ്രകാരം ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ഫണ്ടിൽനിന്നും 5 കോടി രൂപ ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനത്തിന് മുനിസിപ്പാലിറ്റിക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. ഇക നൽകിയതല്ലാതെ ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയത്തിൽ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് നേരിട്ട് നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. കൂടാതെ ഗെയിംസ് വേദികളായി നിശ്ചയിക്കപ്പെട്ട താഴെ പറയുന്നവയുടെ നവീകരണത്തിനായി ഇക ചെലവഴിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരമാണ് പ്രവൃത്തികൾക്ക് അനുമതി നൽകിയത് :

1. വാട്ടർ അതോറിറ്റി നീന്തൽക്കുളം-5,28,42,910 രൂപ (സ.ഉ. (സാധാ) നമ്പർ 4673/09/പൊ.വി.വ., തീയതി 11-11-2009)
2. ഐ.ആർ.സി. ശംഖുംമുഖം-2,64,46,180 രൂപ (സ.ഉ. (സാധാ) നം.4673/09/പൊ.വി.വ., തീയതി 11-11-2009)
3. തങ്കമ്മ സ്റ്റേഡിയം, പേരൂർക്കട-9,54,261 രൂപ (സ.ഉ. (സാധാ) നമ്പർ 2222/10/പൊ.വി.വ., തീയതി 23-7-2010)

(സി) വാട്ടർ അതോറിറ്റി നീന്തൽക്കുളം നിർമ്മാണത്തിനിടെ നേരിട്ട ചില സാങ്കേതിക കാരണങ്ങളാൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്നതിനാൽ വേദിയായി ഉപയോഗിച്ചില്ല. ഐ.ആർ.സി. ശംഖുംമുഖം ഇൻഡോർ സ്റ്റേഡിയത്തിൽ നിശ്ചയിച്ചിരുന്ന മത്സരയിനമായ 'വുഷു' വിന് വേദി അനുയോജ്യമല്ലെന്ന് ഗെയിംസ് ടെക്നിക്കൽ കമ്മിറ്റി അഭിപ്രായപ്പെട്ടതിനാൽ കാര്യവട്ടം എൽ.എൻ.സി.പി.ഇ.-യിലേയ്ക്ക് മാറ്റുകയുണ്ടായി. പേരൂർക്കട തങ്കമ്മ സ്റ്റേഡിയം പരിശീലനത്തിനായുള്ള സ്റ്റേഡിയം എന്ന നിലയിൽ നവീകരിക്കാനായി ടെണ്ടർ വിളിച്ച വകയിൽ പരസ്യയിനത്തിലാണ് ഇക ചെലവായത്. എന്നാൽ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല.

ദേശീയ ഗെയിംസ് സംഘടനാ സമിതിയും ഉപകമ്മിറ്റികളും

278 (284) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് സംഘടനാ സമിതിയും ഉപകമ്മിറ്റികളും രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഓരോ കമ്മിറ്റിയ്ക്കും പ്രസ്തുത ഉത്തരവ് വഴി നൽകിയ അധികാരങ്ങൾ എന്തൊക്കെയായിരുന്നു; അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത ഉത്തരവുകൾ പ്രകാരം കമ്മിറ്റികൾക്ക് പ്രത്യേക അധികാരങ്ങളൊന്നും നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly